LIBRARY ARCHIVES Kerala Legislative Assembly

**(8) പല്ലാരിമംഗലം പഞ്ചായത്ത് പ്രദേശങ്ങൾക്കായി ഒരു വില്ലേജ് രൂപീകരിക്കണമെന്ന ആവശ്യം**

ശ്രീ. വി. ജെ. പൗലോസ് : സർ, പല്ലാരിമംഗലം പഞ്ചായത്ത് രൂപീകൃതമായിട്ട് കാൽ നൂറ്റാണ്ട് കഴിഞ്ഞെങ്കിലും വാരപ്പട്ടി, പോത്താനിക്കാട്, കുട്ടമംഗലം, നെടുമംഗലം എന്നീ വില്ലേജുകളുടെ ഭാഗമായിട്ടുതന്നെയാണ് പല്ലാരിമംഗലം പഞ്ചായത്ത് പ്രദേശം ഇപ്പോഴും നിലനിൽക്കുന്നത്. ഇതുമൂലം പഞ്ചായത്തിലെ ജനങ്ങളും പഞ്ചായത്തും വളരെയേറെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും അനുഭവിക്കുകയാണ്. ഇതിന് പരിഹാരമായി പല്ലാരിമംഗലം വില്ലേജ് രൂപീകരിക്കണമെന്ന ആവശ്യത്തിന് പഞ്ചായത്തിനോളംതന്നെ പഴക്കമുണ്ട്. ഓരോ പഞ്ചായത്തിനും ഒരു അലോപ്പതി ആശുപത്രി, ഒരു ഹോമിയോപ്പതി ആശുപത്രി, ഒരു ആയുർവ്വേദ ആശുപത്രി, കൃഷിഭവൻ എന്നൊരു പദ്ധതിയും പരിപാടിയുമുള്ള സർക്കാരിന് ഒരു പഞ്ചായത്തിൽ ഒരു വില്ലേജ് എന്ന ആശയം അംഗീകരിച്ച് പല്ലാരിമംഗലം വില്ലേജ് രൂപീകരിച്ച് പഞ്ചായത്തിന്റെ ഭരണപരമായ സൗകര്യങ്ങളും ജനങ്ങളുടെ പ്രയാസങ്ങളും ദൂരീകരിക്കുന്നതിനുമുള്ള അടിയന്തരനടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. നാല് വില്ലേജുകളുടെ ഭാഗങ്ങൾ ചേർന്നതാണ് പല്ലാരിമംഗലം പഞ്ചായത്ത്. സാധാരണഗതിയിൽ ഒരു പഞ്ചായത്ത് ഒരു വില്ലേജാക്കി മാറുന്നതാണ് നല്ലത്. എങ്കിലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ഗൗരവതരമായി ഗവൺമെന്റ് കാണുന്നുണ്ട്. തീർച്ചയായിട്ടും അതിനുള്ള അർഹത അതിനുണ്ട്. പക്ഷേ ഇതിനകത്തുണ്ടാകുന്ന ഒരു ബുദ്ധിമുട്ടുണ്ട്, One member- member. അതിനുവേണ്ടിയാണ് താലൂക്ക് വില്ലേജുകളുടെ പുനഃസംഘടനയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകാൻ റവന്യൂ കമ്മീഷണർ ശ്രീ. കെ. ജെ അൽഫോൺസിനെ ഇതിന്റെ കമ്മീഷനായി നിയമിച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ ഫൈനൽ റിപ്പോർട്ട് വന്നിട്ടില്ല. ഫൈനൽ റിപ്പോർട്ട് വന്നതിനു ശേഷമേ അവസാന തീരുമാനമെടുക്കാൻ കഴിയൂ. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം ഗവൺമെന്റ് വളരെ ഗൗരവമായി പരിഗണിച്ച് അതിനാവശ്യമായ തീരുമാനങ്ങളെടുക്കുന്നതാണ്.

**(9) പമ്പാവാലി, സീതത്തോട്, ചിറ്റാർ, നാറാണമൂഴി മേഖലയിലെ കൃഷിക്കാർക്ക് പട്ടയം നൽകണമെന്ന ആവശ്യം**

ശ്രീ. രാജു എബ്രഹാം : സർ, പമ്പാവാലിയിൽ 958 കൃഷിക്കാർക്ക് പട്ടയം കിട്ടാനുണ്ട്. അതിൽ പട്ടയം കിട്ടാനുള്ള നടപടികളുടെ ഒന്നാംഘട്ടം പൂർത്തിയാക്കി ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി പട്ടയം വിതരണം ചെയ്യാനുള്ള ഉദ്ഘാടന തീയതിയും കൊടുത്തതാണ്. പിന്നീട് അത് മാറ്റി. ഇപ്പോൾ അങ്ങ് ഒരു ഡേറ്റ് പറയുകയാണെങ്കിൽ നാളെത്തന്നെ അവിടെ പട്ടയ വിതരണം ചെയ്യാം. അങ്ങ് ഇപ്പോൾതന്നെ ഒരു തീയതി പ്രഖ്യാപിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. രണ്ടാമത്തേത് ചിറ്റാർ, സീതത്തോട് മേഖലയിലെ 5500 കൃഷിക്കാർക്ക് ജോയിന്റ് വെരിഫിക്കേഷൻ കഴിഞ്ഞിട്ട് 20 വർഷത്തോളമായി. പക്ഷേ വനഭൂമികൊടുത്തില്ലെന്നുള്ളതു

കൊണ്ടാണ് ഇവർക്ക് പട്ടയം കിട്ടാനുള്ള തടസ്സം. കമ്പക്കല്ലിൽ വനം വകുപ്പിന് എണ്ണായിരം ഏക്കർ വനഭൂമി സൗജന്യമായി കിടക്കുകയാണ്. ഇതിൽനിന്ന് കുറച്ചുഭൂമി കൊടുത്താൽ 5500 കൃഷിക്കാർക്ക് പട്ടയം കിട്ടും. പമ്പാവാലിയിൽ ഈ ആഴ്ച തന്നെ പട്ടയം കൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, നിയമസഭയിൽ സബ്മിഷന്റെ ഇടയിൽ തീയതി നിശ്ചയിക്കുന്ന ഒരു നടപടി ക്രമമില്ല. ഏതായാലും ഇക്കാര്യത്തെ സംബന്ധിച്ച് പട്ടയമുള്ളത് വിതരണം ചെയ്യും. എക്സ്-സർവ്വീസ്മെൻ കോളനിയിൽ അവിടെ ബുദ്ധിമുട്ടൊന്നും ഇല്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ നടപടികൾ എടുത്തുകഴിഞ്ഞിരിക്കുന്നു. എത്രയും വേഗം പട്ടയം നൽകാം. അതിനുള്ള ഡേറ്റ് ഫിക്സ് ചെയ്യാം. അടുത്തത് വനഭൂമിയെ സംബന്ധിച്ചുള്ളതാണ്. വനഭൂമിയെ സംബന്ധിച്ചിടത്തോളം compensatory afforestation-നുവേണ്ടി പകരം ഭൂമി ഐഡന്റിഫൈ ചെയ്തിട്ടു വേണം കേന്ദ്ര ഗവൺമെന്റിലേക്ക് അപേക്ഷ സമർപ്പിക്കേണ്ടത്. പകരം ഭൂമി പത്തനംതിട്ട ജില്ലയിൽ ഇല്ല. മറ്റ് ജില്ലകളിൽ എവിടെയുണ്ടെന്ന് പരിശോധിച്ചിട്ട് ആ ഭൂമി ഐഡന്റിഫൈ ചെയ്യാനുള്ള ഗവൺമെന്റ് ഉത്തരവ് കൊടുത്തിട്ടുണ്ട്. ഇപ്പോൾ കമ്പക്കല്ലിൽ ഭൂമിയുണ്ടെങ്കിൽ അതുകൂടി ഉൾപ്പെടുത്തിക്കൊണ്ട് കേന്ദ്ര ഗവൺമെന്റിലേയ്ക്ക് അപേക്ഷ കൊടുക്കാം. അതിനുള്ള പരിഹാരമുണ്ടാക്കാം. അതുപോലെ സീതത്തോട്, ചിറ്റാർ, നാറാണമൂഴി എന്നീ പ്രദേശങ്ങളിലെ പാവപ്പെട്ട സാധാരണക്കാരായ കൃഷിക്കാർ 1-1-1977-നുമുൻപ് കുടിയേറിയ കൃഷിക്കാർക്ക് പട്ടയം കൊടുക്കണമെന്നുള്ള ഗവൺമെന്റ് നിലപാട് ത്വരിതപ്പെടുത്തുന്നതാണ്.

## IV ക്രമപ്രശ്നം

### ഓർഡിനൻസുകൾ ലാപ്സാകുന്നത് സംബന്ധിച്ച്

ശ്രീ. കൊടിയേരി ബാലകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട പ്രേയറിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണ് ഞാൻ ഇക്കാര്യം പറയുന്നത്. 28 ഓർഡിനൻസ് ഇപ്പോൾ നമ്മുടെ പരിഗണനയിലുണ്ട്. ഈ സമ്മേളനം 24-ാം തീയതി അവസാനിക്കുമെന്നാണ് അജണ്ടയിൽ കാണുന്നത്. ഇപ്പോൾ സർക്കാർ നിശ്ചയിച്ച കലണ്ടർ അനുസരിച്ച് 28 ഓർഡിനൻസുകൾ നിയമമാക്കുന്നതിനുള്ള സമയം നീക്കി വച്ചിട്ടില്ല. ഓർഡിനൻസ് പുറപ്പെടുവിക്കാനുള്ള അധികാരം സർക്കാരിനുണ്ട് എന്നുള്ളത് ഒരു വസ്തുതയാണ്. അങ്ങനെ പുറപ്പെടുവിക്കുന്ന ഓർഡിനൻസ് നിയമസഭ ചേർന്ന് ആറ് ആഴ്ചയ്ക്കുള്ളിൽ നിയമമാക്കുന്നില്ലെങ്കിൽ ലാപ്സാകും. ഭരണഘടനാപരമായ നമ്മുടെ ബാധ്യത നിർവ്വഹിക്കേണ്ടതാണ്. ഇത് ഒരു നിയമനിർമ്മാണ സഭയാണ്. അതിന്റെ പ്രാധാന്യം ഈ ഗവൺമെന്റ് തീരെ പരിഗണിക്കാതെയാണ് ഈ സഭാ സമ്മേളനം ഷെഡ്യൂൾ ചെയ്തിരിക്കുന്നത്. 28 ഓർഡിനൻസുകൾ ലാപ്സാക്കാൻ പുറപ്പെടുവിച്ച ഓർഡിനൻസ് പോലെയാണ് ഇപ്പോൾ വന്നിരിക്കുന്നത്. ഇതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂറുമാറ്റം തടയുന്നതിനുള്ള വിപ്പ് നൽകാൻ വ്യവസ്ഥ ചെയ്യുന്ന ഒരു ഓർഡിനൻസുണ്ട്. ഇത് ലാപ്സായിക്കഴിഞ്ഞാൽ പഞ്ചായത്തിലുള്ള ഇന്നത്തെ ഭരണ സംവിധാനങ്ങളാകെ അട്ടിമറിക്കാനുള്ള അവസരമാണ് ലഭിക്കാൻ പോകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly